മാധ്യമം
17 February 2017

# മീനുകളെ തിരിച്ചറിയാനും മൊബൈൽ ആപ്

**● ഒരേപോലെ തോന്നുന്ന മത്സ്യയിനങ്ങളെ ലളിതമായി തിരിച്ചറിയാൻ സാധിക്കും**

**കൊച്ചി:** പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) മീനുകളെ തിരിച്ചറിയാൻ മൊബൈൽ ആപ് സജ്ജമാക്കി. പവിഴപ്പുറ്റുകളുമായി ബന്ധപ്പെട്ട 368 അലങ്കാര-ഭക്ഷ്യമത്സ്യയിനങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതാണ് മൊബൈൽ ആപ്. ശനിയാഴ്ച ഉച്ചക്ക് 2.30ന് പ്ലാറ്റിനം ജൂബിലി ആഘോഷ ഉദ്ഘാടനചടങ്ങിൽ ഗവർണർ ജസ്റ്റിസ് പി. സദാശിവം ആപ് പുറത്തിറക്കും. സി.എം.എഫ്.ആർ.ഐ വെബ്സൈറ്റിൽനിന്ന് (www.cmfri.org.in) ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം.

കടൽ മീൻ കയറ്റുമതി വ്യാപാരത്തിന് ആപ് ഏറെ ഗുണകരമാകും. ഇൻറർനെറ്റ് കണക്ഷൻ ഇല്ലാതെ ഉപയോഗിക്കാവുന്ന രീതിയിലാണ് ഇത് രൂപപ്പെടുത്തിയത്. ഒരേപോലെ തോന്നുന്ന മത്സ്യയിനങ്ങളെ ലളിതമായി തിരിച്ചറിയാനും സാധിക്കും. വാണിജ്യാടിസ്ഥാനത്തിൽ വിപണിയിൽനിന്ന് മത്സ്യം വാങ്ങുന്നവർക്കും മീനുകളെ പെട്ടെന്ന് തിരിച്ചറിയാൻ ഇത് ഉപകരിക്കുമെന്ന പ്രത്യേകതയുമുണ്ട്.

മീനുകളെക്കുറിച്ച വിവരങ്ങൾ ലളിതമായി മനസ്സിലാക്കാൻ സഹായിക്കുന്ന മൊബൈൽ ആപ് വികസിപ്പിച്ചത് സി.എം.എഫ്.ആർ.ഐയിലെ അടിത്തട്ട് മത്സ്യവിഭാഗം പ്രിൻസിപ്പൽ ഡോ. രേഖ ജെ. നായരാണ്.

പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടിയിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിക്കും. സമുദ്രകൃഷിയിലൂടെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിന് ഊന്നൽ നൽകിയാണ് ആഘോഷ പരിപാടികൾ വിഭാവനം ചെയ്തത്.